**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4950** **14-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടിലങ്ങാടി - കടാമ്പുഴ റോഡിലെ പാങ്ങ് പള്ളിപ്പുറമ്പ് വളവിലെ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കുട്ടിലങ്ങാടി - കാടാമ്പുഴ റോഡിലെ പാങ്ങ് പള്ളിപ്പുറമ്പ് വളവിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ വെട്ടിച്ചിറ-കാടാമ്പുഴ-കുട്ടിലങ്ങാടി പള്ളിപറമ്പ് വളവ് കുത്തനെയുള്ള ഇറക്കവും, ഏകദേശം 80 ഡിഗ്രി ആംഗിൾ ഉള്ളതുമായ വളവാണ്. ഈ വളവിൽ ഒരു പഞ്ചായത്ത് റോഡ് വന്നു ചേരുന്നുണ്ട്. ഈ ഭാഗങ്ങളിൽ വീതി താരതമ്യേന കുറവാണ്. ഈ ഭാഗത്ത് റോഡിൽ താൽക്കാലിക സുരക്ഷ നൽകുന്നതിന്റെ ഭാഗമായി (Immediate cautionary measures)റംബിൾ സ്ട്രിപ്പുകളും സുരക്ഷാ ബോർഡുകളും വെച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷാ നടപടികൾ ആവശ്യമുണ്ട്. |
| (ബി) | റോഡിന്റെ വളവ് നിവർത്തി വീതി കൂട്ടി സുരക്ഷാഭിത്തിയും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചാൽ അപകടങ്ങൾക്ക് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ അപകടസാധ്യത കുറയ്ക്കുന്നതിനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | അപകട സാധ്യത കുറക്കുന്നതിനായി കൂടുതൽ ബോർഡുകളും റംബിൾസ്ട്രിപ്പുകളും സ്ഥാപിക്കുന്നതിനുള്ള ട്രാഫിക് സേഫ്റ്റി എസ്റ്റിമേറ്റിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഈ ഭാഗത്തെ വളവ് നിവർത്തുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട് ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (സി) | ഈ സ്ഥലത്തെ അപകടങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ പരിശോധിയ്ക്കുന്നതിന് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്ഥലം പരിശോധിക്കുകയും നിലവിലെ അവസ്ഥയിൽ ചെയ്യാവുന്ന റോഡ് സേഫ്റ്റി പ്രവൃത്തികൾ ഏർപ്പാട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭാഗത്തെ വളവ് നിവർത്തുന്നതിന് വേണ്ട അലൈൻമെന്റ് കരക്ഷനും മറ്റ് അനുബന്ധ പ്രവൃത്തികളും ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ